പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4980 — 27.10. 2016-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സംസ്ഥാനത്ത് കാര്യക്ഷമമല്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തനം കാര്യക്ഷമമാണ്. |
| (ബി) | സർക്കാർ പ്രഖ്യാപിച്ച കടാശ്വാസം നൽകാൻ പല ബാങ്കുകളും വിസമ്മതിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | അദാലത്തുകളിൽ ബാങ്ക് പ്രതിനിധി പലപ്പോഴും പങ്കെടുക്കാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഭൂരിഭാഗം ബാങ്ക് പ്രതിനിധികളും അദാലത്തുകളിൽ പങ്കെടുക്കുന്നുണ്ട്. വളരെക്കുറച്ച് മാത്രം ബാങ്ക് പ്രതിനിധികളേ അദാലത്തുകളിൽ പങ്കെടുക്കാതെയുള്ളൂ. ഇക്കാര്യം സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ട് വരികയും ആവശ്യമായ നിർദ്ദേശം നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സ്റ്റേറ്റ് ലെവൽ ബാങ്കിങ് കമ്മിറ്റിയുമായി (SLBC) ധാരണാപത്രം ഒപ്പിട്ടിട്ടാണ് മുൻ സർക്കാർ കടാശ്വാസം നൽകാൻ ഉത്തരവിട്ടതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | മുൻ സർക്കാർ സ്റ്റേറ്റ് ലെവൽ ബാങ്കിങ് കമ്മിറ്റിയുമായി ഏതെങ്കിലും ധാരണാപത്രം ഒപ്പിട്ടതായി അറിയില്ല. ¾ ഭാഗം പലിശ എഴുതിത്തള്ളണമെന്ന വ്യവസ്ഥ എല്ലാ ബാങ്കുകളും സ്വീകരിക്കാൻ തയ്യാറായിട്ടില്ലെന്നും അതിനാൽ ഓരോ ബാങ്കുമായും ഇക്കാര്യത്തിൽ അനുരഞ്ജന ശ്രമം വേണമെന്നുമാണ് എസ്.എൽ.ബി.സി അറിയിച്ചിട്ടുള്ളത്. അദാലത്തുകളിൽ വച്ച് ഇത്തരം ശ്രമം നടത്തിയെങ്കിലും ചില ബാങ്കുകൾ സർക്കാർ പദ്ധതി പ്രകാരം പ്രവർത്തിക്കാൻ വിസമ്മതിക്കുകയാണുണ്ടായത്. |
| (ഇ) | എങ്കിൽ കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ; | (ഇ) | 31.12.2007 വരെ മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങളാണ് ഇപ്പോൾ കമ്മീഷൻ പരിഗണിക്കുന്നത്. ഈ കാലാവധി ഒരു വർഷം കൂടി (31.12.2008) ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. നടപ്പു സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ കടാശ്വാസം അനുവദിക്കുന്നതിന് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (എഫ്) | അതുവഴി മത്സ്യതൊഴിലാളികളെ ഋണക്കെണിയിൽ നിന്ന് രക്ഷിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കുമോ? | (എഫ്) | നിലവിൽ, മത്സ്യത്തൊഴിലാളികളുടെ 31.12.2007 വരെയുള്ള കടബാദ്ധ്യതകളാണ് പരിഗണിച്ചിരുന്നത്. ഇത് 31.12.2008 വരെ വർദ്ധിപ്പിക്കുന്നതിലൂടെ ടി കാലയളവിൽ വായ്പയെടുക്കുകയും കുടിശ്ശികയാവുകയും ചെയ്ത മത്സ്യത്തൊഴിലാളികളുടെ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയുടെ പരമാവധി 75,000 രൂപ വരെ കടാശ്വാസമായി നൽകാനാകും. കൂടാതെ പലിശയുടെ 25% വും കടാശ്വാസമായി നൽകും. ഈ സർക്കാർ മത്സ്യത്തൊഴിലാളി കടാശ്വാസത്തിന്റെ പരിധി 75000 രൂപയിൽ നിന്നും 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ